കാരണമായി. നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(ഡി) പേങ്ങാട്ടുകടവ് പാലം

2015 ജൂലൈ 31-നകം പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

പേരുച്ചാൽ പാലം

ഒന്നരവർഷത്തിനകം പണികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്.

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

136 (2632) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര സൗകര്യങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ശാരീരിക വൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണശാല, മൈമെന്റോഷോപ്പ്, വിശ്രമ സൗകര്യം, ബാങ്ക്, എ.റ്റി.എം ലോക്കർ, യാത്രാക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോടുകൂടി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഗ്രാമീണ റോഡുവികസന പദ്ധതി

137 (2633) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്താലുള്ള ഗ്രാമീണ റോഡുവികസന പദ്ധതിയിൽ കാലതാമസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിശദീകരിക്കുമോ ;

(ബി) ഗ്രാമീണ റോഡുവികസന പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) നൂറ് ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയായ പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly